**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **19-09-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കരയിൽ നിർമാണം പുരോഗമിക്കുന്ന പാലത്തിന്റെ ഒരു ഗർഡർ തകർന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കരയിൽ നിർമാണത്തിലുള്ള പാലത്തിന്റെ ഒരു ഗർഡർ കോൺക്രീറ്റ് ചെയ്യുന്നതിനിടെ തകർന്ന് വീണതിനെ തുടർന്ന് അച്ചൻകോവിലാറ്റിൽ രണ്ടു തൊഴിലാളികൾ മുങ്ങി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | മാവേലിക്കരയിൽ നിർമ്മാണത്തിലുള്ള പാലത്തിന്റെ ഒരു ഗർഡർ കോൺക്രീറ്റ് ചെയ്യുന്നതിനിടെ ഉണ്ടായ അപകടത്തെ കുറിച്ച് പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. പാലം നിർമ്മാണത്തിനിടയിൽ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിരുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും, കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ലൈസൻസിംഗ് അതോറിറ്റിക്ക് നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ